Circular No.4/Gen/2024

# ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

ദേവലോകം, കോട്ടയം – 686 004
website: ossae.org, e-mail: dgossae@gmail.com

## വിജ്ഞാപനം

### വാർഷിക പരീക്ഷ

വാർഷിക പരീക്ഷയുടെ ക്രമീകരണങ്ങൾ സർക്കുലർ 2-ൽ അറിയിച്ചിരിക്കുന്നതു പോലെ നടത്തപ്പെടുന്നതാണ്.

### സഹപാഠ്യമത്സരങ്ങൾ

സഹപാഠ്യമത്സരങ്ങളുടെ വിശദവിവരങ്ങൾ സർക്കുലർ 2-ൽ നൽകിയിട്ടുണ്ട്. പ്രസംഗം, പാട്ട് എന്നിവയുടെ സമയത്തിന്റെ ഉപയോഗത്തിനും മാർക്ക് ഉണ്ടായിരിക്കും. ഇത് യൂണിറ്റ് തലം മുതൽ പ്രായോഗികമാക്കാവുന്നതാണ്. മത്സരങ്ങൾ നടക്കുമ്പോൾ ഓരോ മത്സരാർത്ഥിയും ഉപയോഗിച്ച സമയം രേഖപ്പെടുത്തിവയ്ക്കുവാൻ ഒരാളെ പ്രത്യേകം നിയോഗിക്കണം. ജഡ്ജസ് നൽകിയ മാർക്ക് കൂട്ടിയ ശേഷം അതോടൊപ്പം സമയത്തിന് ആനുപാതികമായ മാർക്കുകൂടി കൂട്ടിയിട്ടു വേണം ഫലനിർണയം നടത്തേണ്ടത്. മത്സരാർത്ഥി ഉപയോഗിച്ച സമയത്തിന് മാർക്കു നൽകേണ്ട വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സമയം കൂടിയാലും കുറഞ്ഞാലും താഴെ കൊടുത്തിരിക്കുന്ന ക്രമത്തിൽ മാർക്ക് നല്കണം.

**പ്രസംഗ മത്സരം**

0-1 : 0 Minutes - 0 Marks
1.1 - 2.0 Minutes - 2 Marks
2.1 - 3.0 Minutes - 4 Marks
3.1 - 4.0 Minutes - 6 Marks
4.01 - 4.30 Minutes - 8 Marks
4.31 - 5.0 Minutes - 10 Marks
5.1 - 5.10 Minutes - 8 Marks
5.11 - 5.30 Minutes - 5 Marks
5.31 and above - 2 Marks

**സംഗീത മത്സരം/സമൂഹഗാന മത്സരം**

0-1 - 0 Minutes - 0 Marks (ഒരു മിനിറ്റോ അതിൽ കുറവോ)
1.1 - 2 Minutes - 5 Marks (ഒരു മിനിറ്റ് ഒരു സെക്കൻറ് മുതൽ രണ്ട് മിനിറ്റു വരെ)
2.01 - 2.30 Minutes - 7 Marks (രണ്ട് മിനിറ്റ് 1 സെക്കൻറ് മുതൽ രണ്ടര മിനിറ്റ് വരെ)
2.31 - 3 Minutes - 10 Marks (രണ്ട് മിനിറ്റ് 31 സെക്കൻറ് മുതൽ മൂന്ന് മിനിറ്റ് വരെ)
3.1 - 3.10 Minutes - 8 Marks (3 മിനിറ്റ് 1 സെക്കൻറ് മുതൽ 3 മിനിറ്റ് 10 സെക്കൻറ് വരെ)
3.11 - 3.30 Minutes - 6 Marks (3 മിനിറ്റ് 11 സെക്കൻറ് മുതൽ മൂന്നര വരെ)
3.31 - 4 Minutes - 4 Marks (3 മിനിറ്റ് 31 സെക്കൻറ് മുതൽ 4 മിനിറ്റ് വരെ)
4 മിനിട്ടിൽ കൂടിയാൽ 2 മാർക്ക്

## പ്രോജക്ട്

വേദപ്രവീൺ ഡിപ്ലോമ കോഴ്സിന്റെ ഭാഗമായി എല്ലാ വിദ്യാർത്ഥികളും ഒരു പ്രൊജക്ട് പൂർത്തീകരിക്കണം. പ്രോജക്ടിനെ സംബന്ധിക്കുന്ന വിശദീകരണങ്ങൾ 11-ാം ക്ലാസ് പാഠപുസ്തകത്തിലും ദി സൺഡേസ്കൂൾ മാസികയിലും നൽകിയിട്ടുണ്ട്. ഒരു യൂണിറ്റിൽനിന്ന് ഒന്നിൽകൂടുതൽ വിദ്യാർത്ഥികൾ ഒരേ വിഷയത്തിൽ പ്രോജക്ട് ചെയ്യുവാൻ പാടുള്ളതല്ല. 17 വരികളിൽ 10 പേജിൽ കുറയാതെ പ്രൊജക്ട് തയ്യാറാക്കണം. 11-ാം ക്ലാസ് പുസ്തകത്തിൽ നൽകിയിരിക്കുന്ന മാർഗ്ഗരേഖ അടിസ്ഥാനമാക്കിയാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്.

## പ്രൊജക്ട് സബ്മിഷൻ

ഒരു യൂണിറ്റിലെ പ്രൊജക്ടുകളുടെയെല്ലാം ലിസ്റ്റ് ഹെഡ്മാസ്റ്റർ തയ്യാറാക്കണം. കേന്ദ്രത്തിൽനിന്നും നൽകുന്ന ഫോറം പൂരിപ്പിച്ച് വിദ്യാർത്ഥികളുടെ പേരുകൾ പ്രൊജക്ട് വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തി ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർക്കു നൽകണം. ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ അതാത് ഡിസ്ട്രിക്റ്റിലെ എല്ലാ യൂണിറ്റുകളിൽനിന്നും ലഭിച്ച പ്രൊജക്ടുകൾ സഹിതം കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന ഫോറം പൂരിപ്പിച്ച് ഭദ്രാസന ഡയറക്ടർക്ക് അയച്ചുകൊടുക്കണം. ഭദ്രാസന ഡയറക്ടർ എല്ലാ ഡിസ്ട്രിക്റ്റുകളിൽനിന്നും ലഭിച്ച പ്രൊജക്ടുകളുടെ ലിസ്റ്റുകൾ പരിശോധിച്ച് കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന ഫോറം പൂരിപ്പിച്ച് പ്രൊജക്ടുകൾ പരീക്ഷാകൺട്രോളർക്ക് കേന്ദ്രഓഫീസിലേക്ക് എത്തിക്കണം. എല്ലാ ലിസ്റ്റുകളുടെയും രണ്ട് കോപ്പി അയച്ചുകൊടുക്കണം. കേന്ദ്ര ഓഫീസിൽ ലിസ്റ്റ് പരിശോധിച്ച് ഒരു കോപ്പി acknowledgement ആയി ഡയറക്ടർക്ക് തിരികെ അയക്കുന്നതാണ്. യൂണിറ്റ് ഹെഡ്മാസ്റ്ററും ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറും ലിസ്റ്റിന്റെ ഒരു കോപ്പി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. കേന്ദ്രത്തിൽനിന്നും acknowledgement ആയി ലഭിക്കുന്ന ലിസ്റ്റ് ഡയറക്ടർ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## ഓറിയന്റേഷൻ റിപ്പോർട്ട്

വേദപ്രവീൺ ഡിപ്ലോമയുടെ പൂർത്തീകരണത്തിന്റെ ഭാഗമായി എല്ലാ വിദ്യാർത്ഥികളും ഭദ്രാസനതലത്തിലോ ഡിസ്ട്രിക്റ്റ് തലത്തിലോ ക്രമീകരിക്കുന്ന ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുത്ത് റിപ്പോർട്ട് സമർപ്പിക്കണം. ഓഫ്ലൈൻ പ്രോഗ്രാമുകൾ ക്രമീകരിക്കുന്നതാണ് ഉചിതം. ഭദ്രാസന/ഡിസ്ട്രിക്റ്റ് തലത്തിൽ വിദ്യാർത്ഥികൾ കൂടിവന്ന് Online/Offline പ്രോഗ്രാമിൽ പങ്കെടുത്ത് അതിനുശേഷം അവിടെവച്ചുതന്നെ വിദ്യാർത്ഥികൾ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ഓറിയന്റേഷൻ റിപ്പോർട്ട് ഭദ്രാസന ഡയറക്ടർ മാർക്കിട്ട് പ്രൊജക്ടിനോടൊപ്പം കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

## റിസൾട്ടിനെ സംബന്ധിക്കുന്ന പരാതികൾ

10, 12 ക്ലാസ്സുകളിലെയും വാർഷിക പരീക്ഷയുടെയും വേദപ്രവീൺ പ്രൈവറ്റ് പരീക്ഷയുടെയും റിസൾട്ടുകൾ പ്രസിദ്ധീകരിച്ചതിനുശേഷം Result withheld/Project Submission എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉള്ളപക്ഷം റിസൾട്ട് പ്രസിദ്ധീകരിച്ചതിനുശേഷം 3 മാസത്തിനുള്ളിൽ കേന്ദ്രഓഫീസിൽ അറിയിക്കേണ്ടതാണ്.

സർട്ടിഫിക്കേറ്റ് യൂണിറ്റ്/ഡിസ്ട്രിക്റ്റ്/ഭദ്രാസനതലത്തിലാണ് വിതരണം ചെയ്യുന്നത്. വിതരണം ചെയ്തതിനുശേഷം സർട്ടിഫിക്കറ്റിനെ സംബന്ധിച്ചുള്ള പരാതികൾ 2 മാസത്തിനകം കേന്ദ്ര ഓഫീസിൽ അറിയിക്കേണ്ടതാണ്.

സ്നേഹപൂർവ്വം

02-07-2024

ദേവലോകം

**വർഗീസ് വർഗീസ് അച്ചൻ**

ഡയറക്ടർ ജനറൽ